**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **30-07-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പരിപാടികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു. 1 ഒ.ഇ.സി പ്രീമെട്രിക് ധനസഹായം, 2ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) 3. ഒ.ഇ.സി പോസ്റ്റ്മെട്രിക് ധനസഹായം, 4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS), 5. ഓവർസീസ് സ്കോളർഷിപ്പ്, 6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, 7. അഡ്വക്കേറ്റ് ഗ്രാന്റ്, 8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം, 9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം, 10. പരമ്പരാഗത ബാർബർ തൊഴിലാളികൾ ക്കുള്ള ധനസഹായം, 11. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം, 12. വിശ്വകർമ്മജർക്കുള്ള പെൻഷൻ, 13. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി. വിശദാംശങ്ങൾ അനുബന്ധം 1 -ആയി ചേർക്കുന്നു. |
| (ബി) | പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) | പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക - വിദ്യാഭ്യാസ - സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) -ന്റെ ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ ദേശീയ മത ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) -ന്റെ ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും ദേശീയ സഫായി കർമ്മചാരീസ് |

| | | | |
|---|---|---|---|
| | | | ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ഫണ്ട് ഉപയോഗിച്ച് ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ച് വരുന്നു. വിശദാംസങ്ങൾ അനുബന്ധം 2 -ആയി ചേർക്കുന്നു. |
| (സി) | കോർപ്പറേഷന്റെ പ്രവർത്തനം ഏകീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടെങ്കിൽ അറിയിക്കുമോ? | (സി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ മത ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി ഉപഭോക്താക്കളിൽ എത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ -വികസന ക്ഷേമ പദ്ധതികൾ

### 1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. തത്തുല്യ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ. ആനുകൂല്യ തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടിലേക്കു നൽകുന്നു.

വിദ്യാഭ്യാസാനുകൂല്യ നിരക്ക് ചുവടെ ചേർക്കുന്നു.

| ഒ.ഇ.സി ഗ്രാന്റ് നിരക്ക് | |
|---|---|
| ക്ലാസ്സ് | ലംപ്സം ഗ്രാന്റ് (എല്ലാ സ്കൂളുകൾക്കും) |
| എൽ.പി വിഭാഗം | Rs.750/- |
| യു.പി വിഭാഗം | Rs.900/- |
| ഹൈസ്കൂൾ വിഭാഗം | Rs.1000/- |
| R Repeaters-നു മേൽ പ്രകാരമുള്ള തുകയുടെ 50% മാത്രം | |

## 2. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)

50% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500/-രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടിയ മാർക്ക്, കുറഞ്ഞ കുടുംബ വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. സ്കോളർഷിപ്പ് തുക ഇ-ഗ്രാന്റ്സ് മുഖേന നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകുന്നു.

## 3. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട് മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ് കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. തത്തുല്ല്യ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം

രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു.

## 4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഹയർ സെക്കന്ററി വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

| കോഴ്സ് | ട്യൂഷൻ ഫീസ് | |
|---|---|---|
| | ഇന്റർമീഡിയറ്റ് | ഫൈനൽ |
| CA | 18000/- | 17000/- |
| CMA/ICWA | 20000/- | 17000/- |
| CS | 18000/- | - |

## 5. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. 2014 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി

വരുന്നു. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

## 6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ 4 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംങ്ങ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം

2013 സാമ്പത്തിക വർഷം തുടക്കമിട്ട ഈ പദ്ധതിയിൽ 2017-18 ൽ UGC/JRF,GATE/MAT എന്നീ പരിശീലന ഇനങ്ങൾ കൂടി ഉൾപ്പെടുത്തി.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |

b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം, ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ

അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയുമാണ് തിരിച്ചടയ്ക്കേണ്ടി വരുന്നത്.

c) ബി.പി.ൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 2020-21 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ പുതിയ ഘടകമായി ഉൾപ്പെടുത്തി പ്രാവർത്തികമാക്കി വരുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50%(പരമാവധി 25,000/- രൂപ) സബ്സിഡി ആയി നൽകുന്നു.

d) പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ്ഗ സമുദായങ്ങൾക്കുള്ള ധനസഹായം.

2019-20 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രളയ ബാധിത പ്രദേശങ്ങളിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി പരമാവധി 25,000/- രൂപ വരെ മാനദണ്ഡങ്ങൾക്കു വിധേയമായി ധനസഹായം അനുവദിക്കുന്നു.

## 7. അഡ്വക്കേറ്റ് ഗ്രാന്റ്

2012-13 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ്

ചെയ്യുന്നതിന് പ്രതിവർഷം 12000/-രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ 7500/- രൂപ ആയിരുന്നത് 2017 മുതൽ 12000/- രൂപയാക്കി വർദ്ധിപ്പിച്ചു. വരുമാന പരിധി 1 ലക്ഷം രൂപ

## 8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.

2016-17 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. പരമാവധി 20000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.

## 9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

2012-13 മുതൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ

## 10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000 /-രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

## 11. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വിവിധ മേഖലകളിൽ പരിശീലനവും തൊഴിലും

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. 2013-14 മുതൽ നടപ്പിലാക്കി വരുന്നു. 2 ലക്ഷം രൂപയാണ് വരുമാന പരിധി. പ്രതിമാസം 8000/- രൂപ വീതം ആനുകൂല്യം അനുവദിച്ചു നൽകുന്നു.

## 12. വിശ്വകർമ്മജർക്കുള്ള പെൻഷൻ

2013 സാമ്പത്തിക വർഷം മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. തുടക്കത്തിൽ 500/- രൂപ ആയിരുന്നത് പല ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 1400/- രൂപ പെൻഷൻ നൽകി വരുന്നു. പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു.

## 13. കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2018-19 ബജറ്റിൽ കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതിക്കായി 1 കോടി രൂപ അനുവദിച്ചു. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയുടെ വികസനത്തിനായി 1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## അനുബന്ധം - 2

### സ്വയം തൊഴിൽ വായ്പ

പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പരമാവധി 15 ലക്ഷം രൂപയും ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) പരമാവധി 30 ലക്ഷം രൂപയും അനുവദിച്ച് വരുന്നു.

### വിദ്യാഭ്യാസ വായ്പ

ഇന്ത്യയ്ക്ക് അകത്തും വിദേശത്തും പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പകൾ അനുവദിച്ച് വരുന്നു.

### റീ-ടേൺ

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പ്രവാസി സംരംഭകർക്കായി നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പുറമേ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും.

### സ്റ്റാർട്ട്-അപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി വിഭാഗം പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

### റീ-ലൈഫ്

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച "റീ-ലൈഫ്" വായ്പാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വായ്പ ലഭിക്കുന്നതാണ്. വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) മൂലധന സബ്സിഡി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

ഇതിന് പുറമേ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി കുടുംബശ്രീ മുഖേന ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) മൈക്രോ ക്രെഡിറ്റ് വായ്പകൾ പരമാവധി 3 കോടി രൂപ വരെ അനുവദിക്കുന്നു.

## മൈക്രോ ക്രെഡിറ്റ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ്. കുടുംബശ്രീ സി.ഡി.എസ്സുകൾ മുഖേനയാണ് പ്രധാനമായും ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിന് പുറമേ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേനയും പദ്ധതി നടപ്പിലാക്കി വരുന്നു. സി.ഡി.എസ്സ്/എൻ.ജി.ഒ.കൾക്ക് പരമാവധി 3 കോടി രൂപ വരെയും ടി സി.ഡി.എസ്സ്/എൻ.ജി.ഒ.യുടെ കീഴിൽ വരുന്ന അയൽക്കൂട്ടം / സ്വയം സഹായ സംഘം എന്നിവയ്ക്ക് 10 ലക്ഷം രൂപ വരെയും വായ്പ ലഭിക്കുന്നതാണ്. ഇതുവഴി ഓരോ ഗ്രൂപ്പുകളിലെയും വ്യക്തിഗത ഗുണഭോക്താവിന് ജാമ്യരേഖകൾ കൂടാതെ പരമാവധി 1 ലക്ഷം രൂപ വരെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം 3% മുതൽ 4% വരെ പലിശ നിരക്കിൽ സി.ഡി.എസ്സ്/എൻ.ജി.ഒ.കൾക്ക് വായ്പ ലഭിക്കും.

## ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ പദ്ധതികൾ

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) മുഖേന ശുചീകരണ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സ്/എൻ.ജി.ഒ. കൾക്ക് മഹിളാ സമൃദ്ധി യോജന പദ്ധതി പ്രകാരം 3 കോടി രൂപ വരെ 3 ശതമാനം പലിശയ്ക്കും മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം 3 കോടി രൂപ വരെ 4 ശതമാനം പലിശ നിരക്കിലും വായ്പ ലഭ്യമാക്കുന്നുണ്ട്.

## കോർപ്പറേഷന്റെ തനത് ഫണ്ട്

ദേശീയ ഏജൻസികളുടെ ഫണ്ടിന് പുറമേ കോർപ്പറേഷൻ തനത് ഫണ്ട് ഉപയോഗിച്ച് വിവാഹം, സുവർണ്ണശ്രീ, വിദ്യാശ്രീ, ഭവന പുനരുദ്ധാരണ വായ്പ, ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ എന്നീ വായ്പാ പദ്ധതികൾ അനുവദിച്ചുവരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.